## റിപ്പോർട്ട് സമർപ്പണം

(1) 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി- 2015' സംബന്ധിച്ച റിപ്പോർട്ട്

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സബ്ജക്ട് കമ്മിറ്റി II-ന്റെ അദ്ധ്യക്ഷനായ ഞാൻ, 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി- 2015' സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) എസ്റ്റിമേറ്റ് കമ്മിറ്റിയുടെ പത്തൊൻപതാമത് റിപ്പോർട്ട്

ശ്രീ. വി. ഡി. സതീശൻ: സർ, എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അൻപത്തിമൂന്ന് മുതൽ അറുപത്തിആറ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വർക്കല കഹാർ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അൻപത്തിമൂന്ന് മുതൽ അറുപത്തിആറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(4) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ

സമിതി ചെയർമാനായ ശ്രീ. വി. എസ്. സുനിൽകുമാറിനുവേണ്ടി ശ്രീ. ലൂഡി ലൂയിസ്: സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി അംഗമായ

ഞാൻ സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(5) <u>പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ മുപ്പത്തിയഞ്ചും മുപ്പത്തിയാറും റിപ്പോർട്ടുകൾ</u>

സമിതി ചെയർമാനായ ശ്രീ. വി. പി. സജീന്ദ്രനുവേണ്ടി <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: സർ, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി അംഗമായ ഞാൻ സമിതിയുടെ മുപ്പത്തിയഞ്ചും മുപ്പത്തിയാറും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(6) <u>സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനാല് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ</u>

<u>ഡോ. എൻ. ജയരാജ്</u>: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാല് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(7) <u>പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ മുപ്പത്തിനാല് മുതൽ നാൽപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ</u>

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിനാല് മുതൽ നാൽപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

ഇത് കേരള നിയമസഭയുടെ ചരിത്രത്തിലെ ഒരു റെക്കോർഡാണ്.

അവതരിപ്പിക്കുന്ന റിപ്പോർട്ടുകളുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കണമെന്ന് 1989-ൽ വർക്കല രാധാകൃഷ്ണൻ റൂളിംഗ് നൽകിയിരുന്നു. ആ റൂളിംഗിന് മുൻപോ അതിനുശേഷമോ കേരള നിയമസഭയിൽ ആദ്യമായാണ് പരിസ്ഥിതി കമ്മിറ്റി എല്ലാ റിപ്പോർട്ടുകളും ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും മേശപ്പുറത്തു വയ്ക്കുന്നത്. ഇതിൽ പരിസ്ഥിതി കമ്മിറ്റിക്ക് അഭിമാനമുണ്ട് എന്ന് ഞാൻ സഭയെ അറിയിക്കുന്നു.

മി. സ്പീക്കർ: എല്ലാ ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും സഭയുടെ മേശപ്പുറത്തു വച്ച പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ ശ്രീ. സി. പി. മുഹമ്മദിനെ ചെയർ പ്രത്യേകം അഭിനന്ദിക്കുന്നു.

## (8) പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനാറും പതിനേഴും റിപ്പോർട്ടുകൾ

ശ്രീ. സി. മമ്മൂട്ടി: സർ, പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാറും പതിനേഴും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## (9) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.